DESPATCHED
On. 18/5/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 206(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 3778/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മേയ് 10

ശ്രീ. എസ്. സുരേഷ്,
ശ്രീനന്ദനം, നെടുമ്പന,
മീയണ്ണൂർ എൽ.പി.എസ്.ന് സമീപം,
മീയണ്ണൂർ പി.ഒ., കൊല്ലം – 691 537
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം,
കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ,
കൊട്ടിയം, കൊല്ലം.

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, കെ.എസ്.ഇ.ബി.,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കൊട്ടിയം, കൊല്ലം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 11/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 23/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 28/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/03/2022 |

## ഉത്തരവ്

ശ്രീ. എസ്. സുരേഷ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 21.10.2021 തീയതി കൊട്ടിയം കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിച്ച പരാതി സംബന്ധിച്ച വിവരത്തിനായി സമർപ്പിച്ച അപേക്ഷയ്ക്കും/അപ്പീൽ അപേക്ഷയ്ക്കും നാളിതുവരെ യാതൊരു മറുപടിയും

ലഭിച്ചില്ലെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകാതെ നിരുത്തരവാദപരമായി പെരുമാറിയ എതിർകക്ഷികൾക്കെതിരെ ഉചിതമായ ശിക്ഷാനടപടിയുണ്ടാകണമെന്നും, കാലതാമസം വരുത്തിയതിന് പിഴ ഈടാക്കി നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 11.11.2021–ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ/രേഖകൾ നൽകണമെന്നാണ്:

1. കൊട്ടിയം സെക്ഷൻ കൺസ്യൂമർ 12766, കൊട്ടിയം സെക്ഷൻ കെ.എസ്.ഇ.ബി.ക്ക് അന്യായ നഷ്ടം വരുത്തുന്നതു സംബന്ധിച്ച് 21.10.2021–ൽ ടിയാൻ സമർപ്പിച്ച പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും
2. 2020 ഡിസംബർ 10, 11, 12 എന്നീ തീയതികളിൽ ടി മീറ്ററിൽ നിന്നും വൈദ്യുതി എടുത്തുപയോഗിച്ചതിന് മീറ്ററുടമസ്ഥൻ ഹർജിക്കാരനിൽ നിന്നും വാങ്ങിയ 1050/– രൂപ ബോർഡിൽ അടച്ചിട്ടുണ്ടോ എന്നും
3. കഴിഞ്ഞ 4 വർഷമായി തൊട്ടടുത്തുള്ള അപ്ഹോൾസ്റ്ററി കടയ്ക്കും സ്കൂട്ടർ വർക്ക് ഷോപ്പിനും ടി മീറ്ററിൽ നിന്നും വൈദ്യുതി നൽകുന്നത് നിയമാനുസൃതമാണോ എന്നു പരിശോധിച്ചിട്ടുണ്ടോ എന്നും
4. നിയമാനുസൃതമല്ലെങ്കിൽ എന്തു നടപടി എടുത്തു എന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഹർജിക്കാരൻ 03.01.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച ഒന്നാം അപ്പീലിന് 30.3.2022–ന് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമപ്രകാരം കൊട്ടിയം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ടെന്നുള്ളത് അന്വേഷിച്ചിരുന്നു എന്നും ആയതിന് 3.12.2021 തീയതി ഹർജിക്കാരന് തപാൽ മുഖേന മറുപടി നൽകിയതായാണ് കൊട്ടിയം സെക്ഷനിലെ വിവരാവകാശ ഓഫീസർ അറിയിച്ചിട്ടുള്ളതെന്നും അപ്പീൽ അധികാരി നടത്തിയ അന്വേഷണത്തിൽ 3.12.2021–ൽ പ്രസ്തുത കെട്ടിടത്തിൽ നടത്തിയ പരിശോധനയിൽ Tariff misuse കണ്ടെത്തിയതിനെ തുടർന്ന് ഇൻഡ്യൻ ഇലക്ട്രിസിറ്റി അമൻഡ്മെന്റ് ആക്ട് 2007 പ്രകാരം 5341/- രൂപയുടെ ഷോർട്ട് അസ്സസ്മെന്റ് ബിൽ നൽകിയതായും പ്രസ്തുത തുക 21.12.2021–ൽ രസീത് നം. 5478021122110107 8 പ്രകാരം അടച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞുവെന്നും കൂടാതെ അപ്ഹോൾസ്റ്ററി കടയുടെ താരീഫ് 7എ യിലേയ്ക്ക് മാറ്റിയതായും സ്കൂട്ടർ വർക്ക്ഷോപ്പിന് പ്രത്യേക കണക്ഷൻ എടുക്കാനുള്ള നിർദ്ദേശം നൽകിയതായും അറിയാൻ കഴിഞ്ഞുവെന്നുമാണ്.

4. ഒന്നാം എതിർകക്ഷി 16.3.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ടിയാൻ കൊട്ടിയം സെക്ഷൻ ഓഫീസിൽ 2021 ഡിസംബർ 17-ന് ജോലിയിൽ പ്രവേശിച്ചശേഷം നീണ്ട അവധി കഴിഞ്ഞ് 19.2.2022-ൽ തിരികെ ജോലിയിൽ പ്രവേശിച്ചതിനുശേഷമാണ് ഒന്നാം അപ്പീൽ അധികാരിയുടെ ഓഫീസിൽ നിന്നും ടി പരാതിയുടെ കോപ്പി ലഭിക്കുന്നതെന്നും കമ്മീഷന്റെ 11.4.2022 തീയതിയിലെ കത്തിൽ പറയുന്ന പരാതിയുമായി ബന്ധപ്പെട്ട ഒരു രേഖയും മുൻ ഓഫീസർ കൈമാറിയ ഫയലുകളിൽ കണ്ടെത്താനായിട്ടില്ലെന്നും ആയതിനാൽ എസ്.പി.ഐ.ഒ.യുടെ പക്കൽ നിന്നും പരാതിയുടെ പകർപ്പ് എടുത്ത് വിശദമായി മനസ്സിലാക്കിയശേഷം സ്ഥലം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഒന്നാം അപ്പീൽ അധികാരിക്ക് സമർപ്പിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 11.11.2021-ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയിട്ടുള്ളതായി കാണുന്നില്ല. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാത്തത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരം ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരൻ 3.1.2022-ന് സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് 30.3.2022-നാണ് മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. ടി മറുപടിയിൽ 3.12.2021-ന് ഹർജിക്കാരന് എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയിട്ടുണ്ട് എന്ന് പരാമർശിച്ചതല്ലാതെ, ആയതിന്റെ പകർപ്പ് ഹർജിക്കാരനോ കമ്മീഷനോ ലഭ്യമാക്കുന്നതിനുള്ള യാതൊരു നടപടിയും രണ്ടാം എതിർകക്ഷി സ്വീകരിച്ചിട്ടില്ല. കൂടാതെ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഖണ്ഡിക തിരിച്ചുള്ള മറുപടി നൽകുന്നതിനോ നൽകിയ മറുപടിയിൽ രണ്ടാം അപ്പീൽ അധികാരിയുടെ വിലാസമോ, അപ്പീൽ കാലാവധിയോ രേഖപ്പെടുത്താതെ അപ്പീൽ അധികാരി

എന്നതിന് പകരം എ.ഇ.ഇ. എന്ന പേരിലാണ് മറുപടി നൽകിയിട്ടുള്ളത്. ഇതിൽ നിന്നും വിവരാവകാശ അപ്പീൽ അപേക്ഷ വളരെ ലാഘവത്തോടെയാണ് രണ്ടാം എതിർകക്ഷിയും കൈകാര്യം ചെയ്തിട്ടുള്ളത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. സമയബന്ധിതമല്ലാതെയും സ്വയം വിശദീകരിക്കുന്നതുമല്ലാത്ത മറുപടി അപ്പീൽ അപേക്ഷയ്ക്ക് നൽകിയത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള രണ്ടാം എതിർകക്ഷിയുടെ വിശദീകരണം 25.5.2022-നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ടി വിശദീകരണം പരിശോധിച്ചതിനുശേഷം ഇക്കാര്യത്തിലുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്.

7. ഹിയറിംഗുമായി ബന്ധപ്പെട്ട് ഹർജിക്കാരനെ കമ്മീഷൻ ഓഫീസിൽ നിന്നും ഫോൺ മുഖേന ബന്ധപ്പെട്ടതിൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട എല്ലാ രേഖകളും എതിർകക്ഷി ലഭ്യമാക്കിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ തുടർനടപടി ആവശ്യമില്ലെന്ന് ഹർജിക്കാരൻ കമ്മീഷൻ ഓഫീസിൽ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൽ ഹിയറിംഗ് ആവശ്യമില്ലെന്ന് വിലയിരുത്തി, മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 10-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

US